**,നഗരാസൂത്രകന്റെ കാര്യാലയം**

**,ഇടുക്കി 685602, ഫോൺ നമ്പർ 0486-2235224**

email- tpidk.lsgdplng@kerala.gov.in, tcpdidk@gmail.com

**നടപടിക്രമം**

**(ഹാജർ രാജേഷ് റ്റി.എൻ, നഗരാസൂത്രകൻ)**

വിഷയം : അടിമാലി ഗ്രാമപഞ്ചായത്ത് പെട്രോൾ പമ്പ് നിർമ്മാണം – സ്ഥല വിനിയോഗത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം : 1. അടിമാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08/07/2021, 10/09/2021 എന്നീ തീയതികളിലെ അപേക്ഷയും പ്ലാനുകളും

**ഉത്തരവ് നമ്പർ TCPIDK/165/2021-D1 തീയതി29/09/2021**

അടിമാലി ഗ്രാമപഞ്ചായത്ത്, മന്നാങ്കണ്ടം വില്ലേജിൽ റീ സർവ്വേ നമ്പർ 617/9 ൽപ്പെട്ടതും, ശ്രീ. ജോയി മാത്യു, ശ്രീ. ജോയ്സ് ടി എം തച്ചമറ്റത്തിൽ വീട്, എന്നിവരുടെ ഉടമസ്ഥതയിൽ ഉള്ളതുമായ 1105 ച.മീ. വിസ്തീർണ്ണമുള്ള സ്ഥലത്ത് 245.87 ച.മീ. വിസ്തീർണ്ണമുള്ള (കാനോപ്പി – 196.85 ച.മീ, സെയിൽസ് കെട്ടിടം 37.06 ച.മീ. & ടോയ് ലറ്റ് ബ്ലോക്ക് -11.96 ച.മീ.) എന്നിവ ഉൾപ്പെടുന്ന ഗ്രൂപ്പ് – I ഹാസാർഡസ് ഒക്ക്യുപ്പൻസിയിൽ ഉൾപ്പെടുന്ന ഫ്യുവൽ ഫില്ലിങ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് 10/09/2021 ലെ പരാമർശം (1) മുഖേന ലഭ്യമാക്കിയ അപേക്ഷയും പ്ലാനുകളും രേഖകളും ചട്ടം 5(6) ന്റെ വിലയിരുത്തൽ നടത്തിയതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ. 2019 ചട്ടം 30 (g) പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി സ്ഥല വിനിയോഗത്തിനും കെട്ടിടങ്ങളുടെ ലേ ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. താഴെപ്പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും , നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി /എൻ.ഒ.സി (കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KPBR-2019), ചട്ടം5(4) കാണുക) എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ആയതിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി/ഒക്കുപ്പേൻസി നൽകുവാൻ പാടുള്ളു.
2. പ്രസ്തുത ഫ്യൂവൽ ഫില്ലിംഗ് സ്റ്റേഷൻ വിഭാവനം ചെയ്തിട്ടുള്ള സ്ഥലം മലയോര പ്രാദേശത്തു രണ്ടു വളവുകൾക്കു ഇടയിൽ ചെറിയ ഗ്രേഡിയന്റോടെ ഉള്ള പ്രധാന നാഷണൽ ഹൈവേയുടെ (NH-85) സമീപത്തു് ആയതിനാൽ മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട് ആൻഡ് ഹൈവേ 26th June 2020 ലെ RW-NH-33032/01/2017-S&R(R) നമ്പർ പ്രകാരം റോഡ് യൂസേഴ്സിന്റെ സുരക്ഷാ മുൻനിർത്തി നാഷണൽ ഹൈവേയിലെ സുഗമമായ ഗതാഗതം ഉറപ്പുവരുത്തുന്നതിനായി നവീകരിച്ച വിശദമായ ഗൈഡലൈനുകളും നോർമസ്ഉം പ്രകാരമുള്ള അനുമതി ലബ്യമാക്കി ആയത്തിലെ വ്യവസ്ഥകൾ പൂർണമായും പാലിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തി മാത്രമേ നിർമാണ അനുമതി നാല്കാവൂ.
3. വിഭാവിത ഫ്യൂവൽ ഫില്ലിംഗ് സ്റ്റേഷന്റെ സ്ഥാനം കണക്കിലെടുത്തു ഫ്യൂവൽ ഫില്ലിംഗ് സ്റ്റേഷന്റെ പ്രവർത്തനം മൂലം ഉണ്ടാകുന്ന ആഗമന നിർഗമന ഗതാഗതം നാഷണൽ ഹൈവേയിലെ സുരക്ഷിതവും സുഗമവും ആയ ഗതാഗതത്തിനു ഭംഗം ഉണ്ടാകാതെ നിയന്ത്രിക്കുന്നതിനു ആവശ്യമായ എല്ലാവിധ സജ്ജീകരണങ്ങളും (സൂചന ബോർഡുകൾ, റിഫ്ലക്റ്റീവ് മിററുകൾ, ഗതാഗത

നിയന്ത്രണത്തിന് ജോലിക്കാരെ നിയോഗിക്കൽ , മുൻകരുതൽ നിർദേശങ്ങൾ ഉടങ്ങിയവ) അപേക്ഷകൻ, സ്വമേധയാ / ബന്ധപ്പെട്ട ഏജൻസികളുടെ ( തദ്ദേശ സർക്കാർ/ പോലീസ്/ NH / റോഡ് സേഫ്റ്റി അതോറിറ്റി) നിർദേശാനുസരണം നിയമാനുസൃത അനുമതികൾ ലബ്യമാക്കി ഏർപെടുത്തിയിരിക്കണം. ആയതു സംബന്ധിച്ച സത്യവാങ്മൂലം നിർമാണ അനുമതി നൽകുന്നതിന് മുൻപ് ലഭ്യമാക്കിയിരിക്കണം.

4. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KPBR-2019), ചട്ടം 9(2) പ്രകാരം പ്ലോട്ടിൻറെ ഉടമസ്ഥത, സർവ്വേ നമ്പർ, തരം, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകരുടെ നിർമ്മാണാവകാശം, നിർദിഷ്ട നിർമ്മാണസ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപെട്ടിട്ടില്ലായെന്നും ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ച ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം.
5. നിർമ്മാണം കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (KPBR-2019) നും, അനുബന്ധ ഭേദഗതികൾക്കും , ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
6. നിർമാണ സ്ഥലത്തിന്റെ അതിർത്തികളിൽ Vertical Earth Cutting Surface നിലനിക്കുന്നതിനാൽ ആയതു സ്ട്രാക്ചറൽ സ്റ്റെബിലിറ്റി യോട് കൂടിയ റീറ്റെയ്നിങ് വാൾ നിർമിച്ചു സംരക്ഷിച്ചിട്ടുണ്ട് എന്ന് occupancy നൽകുന്നതിന് മിൻപ് ഉറപ്പു വരുത്തിയിരിക്കണം.
7. പ്രസ്തുത നിർമാണം / ഭൂ വികസനത്തിനു പ്ലോട്ടിൽ നിന്നും മണ്ണ് നീക്കം ചെയേണ്ടതായി വരുന്ന സാഹചര്യത്തിൽ ആയതിനു KMBR-19 ചട്ടം 10 പ്രകാരവും നിയമാനുസൃതം ആവശ്യമായ മറ്റ് അനുമതികളും ലഭ്യമാക്കിയിരിക്കണം.
8. ഈ ഉത്തരവ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള അനുമതിയല്ല . കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായ നിർമ്മാണം / വികസന അനുമതി ബണ്ടപ്പെട്ട ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു. നിർമ്മാണ സമയത്ത് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ നൽകേണ്ടതാണ്.

Signature Not Verified
Digitally signed by RAJESH T N
Date: 2021.09.29 13:33:07 IST
Reason: Approved

**RAJESH T N, TP TPIDK, O/o TP TPIDK**

ഉള്ളടക്കം : അംഗീകാരം രേഖപ്പെടുത്തിയ പ്ലാൻ

To

സെക്രട്ടറി, അടിമാലി ഗ്രാമപഞ്ചായത്ത്
(അംഗീകാരം രേഖപ്പെടുത്തിയ പ്ലാൻ സഹിതം)

പകർപ്പ് : 1.ജോയി മാത്യു, ജോയ്സ് മാത്യു, തച്ചമറ്റത്തിൽ വീട്, അടിമാലി
2. കരുതൽ ഫയൽ
3.അധികം